പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3743 | 14.03.2017 -ൽ മറുപടിക്ക്.

## റേഷൻ വ്യാപാരികൾക്ക് ന്യായമായ വേതനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് നൽകിവരുന്ന കമ്മീഷൻ നിലവിൽ ക്വിന്റലിന് എത്ര രൂപയാണ് ; | (എ) റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് അരി, ഗോതമ്പ് എന്നിവ വിട്ടെടുക്കുന്നതിനായി ക്വിന്റലിന് പരമാവധി 100/- രൂപ കമ്മീഷൻ നല്കി വരുന്നു. |
| (ബി) മുറിവാടക ഇനത്തിലോ, സെയിൽ സ്മാന്റെ ശമ്പള ഇനത്തിലോ സ്റ്റേഷനറി ചാർജ്ജ് ഇനത്തിലോ സഹായങ്ങൾ വല്ലതും നൽകി വരുന്നുണ്ടോ ; | (ബി) ഇല്ല. |
| (സി) റേഷൻ റീട്ടെയിൽ വ്യാപാരികൾ മാസത്തിൽ ന്യായമായ വേതനം നൽകണം എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ റേഷൻ കാർഡിന്റെ എണ്ണത്തിന്റെയും കൈകാര്യം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനെയും അടിസ്ഥാനപ്പെടുത്തി ഒൻപത് ക്ലാസ്സുകളായി റേഷൻ വ്യാപാരികളെ തരംതിരിച്ച് ഇ-പോസ് മുഖേനയുള്ള വിതരണത്തിന് ഇൻസെന്റീവും മിനിമം കമ്മീഷനും ഉൾക്കൊള്ളിച്ചാണ് ഡീലേഴ്സ് മാർജിൻ പാക്കേജ് രൂപപ്പെടുത്തിയിട്ടുള്ളത്. ഇത് നടപ്പാക്കുന്നത് പരിശോധിച്ചു വരുന്നു. |
| (ഡി) റേഷൻ റീട്ടെയിൽ വ്യാപാരം സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവന്ന് വ്യാപാരികളുടെ കരിഞ്ചന്തയും ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതിയും ഇല്ലാതാക്കി റേഷൻ വ്യാപാരം സംശുദ്ധമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ റേഷൻകടകൾ വഴിയുള്ള റേഷൻ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡിലൂടെ ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി നടത്തുന്നതിനാൽ റേഷൻ ചില്ലറ വിതരണത്തിൽ ക്രമക്കേടുകൾ വരുത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ റേഷൻ ഡിപ്പോകളിൽ റേഷൻ എത്തിച്ചേരുമ്പോഴും കാർഡ് ഉടമയുടെ പേരിൽ ബില്ല് ചെയ്യുമ്പോഴും എസ്.എം.എസ് സംവിധാനം മുഖേന കാർഡ് ഉടമയ്ക്ക് അറിയിപ്പ് നല്കുന്നതു വഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ കഴിയുന്നതാണ്. നിലവിലുള്ള മൊത്ത വിതരണക്കാരെ മാറ്റി റേഷൻ ഭക്ഷ്യധാന്യങ്ങളുടെ മൊത്ത വിതരണം സർക്കാർ ഏജൻസിയായ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്ത് റേഷൻ കടകളിൽ വാതിൽപ്പടി വിതരണം നടപ്പാക്കുന്നതോടെ റേഷൻ മൊത്ത വിതരണത്തിലുള്ള അഴിമതിയും പൂർണ്ണമായി തടയാൻ കഴിയും. |

സെക്ഷൻ ഓഫീസർ